# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7325** **16.07.2012-ൽ മറുപടിക്ക്**

## അമ്പലപ്പുഴ വൈശ്യംഭാഗം പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) അമ്പലപ്പുഴ വൈശ്യംഭാഗം പാലം നിർമ്മാണം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയുമോ; | (എ) കഞ്ഞിപ്പാടം - വൈശ്യംഭാഗം പാലത്തിന്റെ പൊന്നും വില നടപടികൾ വില നിർണ്ണയ ഘട്ടത്തിലാണ്. സർക്കാരിന്റെ പുതിയ R&R പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുത്ത് ഉടൻ തന്നെ ടെൻഡർ നടപടി സ്വീകരിക്കുന്നതാണ്. ആയതിനു ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കും. |
| (ബി) പ്രസ്തുത പാലം നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തെന്ന് വിശദമാക്കുമോ; | (ബി) സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. |
| (സി) സ്ഥലം എടുപ്പിന് ഉദ്യോഗസ്ഥർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (സി) സ്ഥലമെടുപ്പ് നടപടികൾ തടസ്സമില്ലാതെയാണ് മുന്നോട്ട് പോകുന്നത്. ഉദ്യോഗസ്ഥരുടെ അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.. സ്ഥലത്തിന്റെ വിലനിർണ്ണയ നടപടികൾ അവസാന ഘട്ടത്തിലാണ്. D.L.P.C കൂടി ഉടൻ തന്നെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) പാലം നിർമ്മാണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് യോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ, ആലപ്പുഴ ജില്ലാ കളക്ടർക്ക് കത്തു നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുവരെ യോഗം വിളിക്കാത്തതിന് കാരണം വ്യക്തമാക്കുമോ? | (ഡി) ബഹു: അമ്പലപ്പുഴ എം.എൽ.എ-യുടെ പാലം നിർമ്മാണം സംബന്ധിച്ച യോഗം വിളിക്കുന്നതിനു ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊന്നും വില നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ മാസവും നടത്താറുള്ള എൽ.എ. കോൺഫറൻസിൽ ടി സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിലയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ